**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 532** **23-02-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ബഡ്ജറ്റിലെ ഒരു രാജ്യം ഒരു രജിസ്ട്രേഷൻ എന്ന പ്രഖ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ബഡ്ജറ്റിലെ ഒരു രാജ്യം ഒരു രജിസ്ട്രേഷൻ എന്ന പ്രഖ്യാപനം സംസ്ഥാനത്തിന് തിരിച്ചടിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | രാജ്യത്തിലുടനീളം ഒരു ഏകീകൃത രജിസ്ട്രേഷൻ സംവിധാനം നടപ്പാക്കുന്നതിലേയ്ക്കും Anywhere രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിലേയ്ക്കും National Generic Document Registration System -ത്തിനെ 'One -Nation One Registration Software’ വഴി ലിങ്ക് ചെയ്യുന്നതാണ് എന്നാണ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതായി കാണുന്നത്. നിലവിൽ ഓരോ സംസ്ഥാനത്തും ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി വ്യത്യസ്തമായ നിരക്കുകളിൽ ആണ് ഈടാക്കുന്നത്. രാജ്യമൊട്ടുക്കും Anywhere രജിസ്ട്രേഷൻ നടപ്പാക്കുകയാണെങ്കിൽ മുദ്രവില നിരക്ക് കുറവുള്ള സംസ്ഥാനത്ത് കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സ്ഥിതി സംജാതമാകുന്നത് വഴി ഉയർന്ന നിരക്ക് ഈടാക്കുന്ന സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കാൻ സാധ്യതയുണ്ട്. ഇത്തരമൊരു സ്ഥിതി വിശേഷം മറികടക്കുന്നതിലേക്കായി രാജ്യം മുഴുവൻ ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നടപ്പാക്കുകയാണെങ്കിൽ ആയത് സംസ്ഥാനങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നിശ്ചയിക്കാനുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്നതാണ്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള നിരക്കുകളേക്കാൾ കുറവായ നിരക്കാണ് അപ്രകാരം നിലവിൽ വരുന്നതെങ്കിൽ, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ അത് കനത്ത ആഘാതം സൃഷ്ടിക്കും. |
| (ബി) | ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നാണ് രജിസ്ട്രേഷനുകൾ വഴിയുള്ള വരുമാനം എന്നിരിക്കെ കേന്ദ്ര ബഡ്ജറ്റിലെ പ്രഖ്യാപനം തനതു നികുതിയേതര | (ബി) | രാജ്യത്തിലുടനീളം ഒരു ഏകീകൃത രജിസ്ട്രേഷൻ സംവിധാനം നടപ്പാക്കുന്നതിലേയ്ക്കും Anywhere രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിലേയ്ക്കും National Generic Document Registration System -ത്തിനെ 'One -Nation One Registration Software’ വഴി ലിങ്ക് ചെയ്യുന്നതാണ് എന്നാണ് കേന്ദ്ര ബജറ്റിൽ |

| | | | |
|---|---|---|---|
| | വരുമാനത്തിൽ വൻ ഇടിവുണ്ടാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | | പ്രഖ്യാപിച്ചിട്ടുള്ളതായി കാണുന്നത്. നിലവിൽ ഓരോ സംസ്ഥാനത്തും ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി വ്യത്യസ്തമായ നിരക്കുകളിൽ ആണ് ഈടാക്കുന്നത്. രാജ്യമൊട്ടുക്കും Anywhere രജിസ്ട്രേഷൻ നടപ്പാക്കുകയാണെങ്കിൽ മുദ്രവില നിരക്ക് കുറവുള്ള സംസ്ഥാനത്ത് കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സ്ഥിതി സംജാതമാകുന്നത് വഴി ഉയർന്ന നിരക്ക് ഈടാക്കുന്ന സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കാൻ സാധ്യതയുണ്ട്. ഇത്തരമൊരു സ്ഥിതി വിശേഷം മറികടക്കുന്നതിലേക്കായി രാജ്യം മുഴുവൻ ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നടപ്പാക്കുകയാണെങ്കിൽ ആയത് സംസ്ഥാനങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നിശ്ചയിക്കാനുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്നതാണ്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള നിരക്കുകളേക്കാൾ കുറവായ നിരക്കാണ് അപ്രകാരം നിലവിൽ വരുന്നതെങ്കിൽ, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ അത് കനത്ത ആഘാതം സൃഷ്ടിക്കും. |
| (സി) | ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഈ നടപടി സംസ്ഥാനങ്ങളുടെ അധികാരങ്ങൾ കവർന്നെടുക്കുന്ന കേന്ദ്ര സമീപനത്തിന്റെ ഭാഗമാണെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി എന്ന ആശയം സംസ്ഥാനങ്ങളുടെ അവശേഷിക്കുന്ന അധികാരങ്ങൾ കവർന്നെടുക്കുന്ന നടപടിയാണെന്ന് പ്രാഥമികമായി വിലയിരുത്താം. |
| (ഡി) | ഏകീകൃത രജിസ്ട്രേഷൻ നടപ്പിലാക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഏകീകരിക്കേണ്ടി വരികയും ഇത് കേന്ദ്ര സർക്കാർ നിർണ്ണയിക്കുകയും ചെയ്യുന്ന സ്ഥിതി സംജാതമാകുമോ; വിശദമാക്കാമോ; | (ഡി) | രാജ്യത്തിലുടനീളം ഒരു ഏകീകൃത രജിസ്ട്രേഷൻ സംവിധാനം നടപ്പാക്കുന്നതിലേയ്ക്കും Anywhere രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിലേയ്ക്കും National Generic Document Registration System -ത്തിനെ 'One -Nation One Registration Software' വഴി ലിങ്ക് ചെയ്യുന്നതാണ് എന്നാണ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതായി കാണുന്നത്. നിലവിൽ ഓരോ സംസ്ഥാനത്തും ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി വ്യത്യസ്തമായ നിരക്കുകളിൽ ആണ് ഈടാക്കുന്നത്. രാജ്യമൊട്ടുക്കും Anywhere രജിസ്ട്രേഷൻ നടപ്പാക്കുകയാണെങ്കിൽ മുദ്രവില നിരക്ക് കുറവുള്ള സംസ്ഥാനത്ത് കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സ്ഥിതി സംജാതമാകുന്നത് വഴി ഉയർന്ന നിരക്ക് ഈടാക്കുന്ന സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കാൻ സാധ്യതയുണ്ട്. ഇത്തരമൊരു സ്ഥിതി വിശേഷം മറികടക്കുന്നതിലേക്കായി രാജ്യം മുഴുവൻ ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നടപ്പാക്കുകയാണെങ്കിൽ ആയത് സംസ്ഥാനങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നിശ്ചയിക്കാനുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | കേന്ദ്ര സർക്കാരിന്റെ ഈ നീക്കത്തിനെതിരെ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | കൂടുതൽ വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ